# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1589** | **01.11.2019 ൽ മറുപടിയ്ക്ക്**

**തരിശു ഭൂമിയിലെ കൃഷി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | നിലവിൽ സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശുഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയത് 2016-ൽ എത്രയായിരുന്നു; | എ) | നിലവിൽ സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശു ഭൂമി 57,522 ഹെക്ടർ ആണ്. കേരള എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കാർഷിക സ്ഥിതിവിവര കണക്ക് പ്രകാരം 2016-17 വർഷത്തിൽ അത് 72,008ഹെക്ടർ ആയിരുന്നു. |
| ബി) | കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന സ്ഥലങ്ങളുടെ ഭൂവുടമകൾക്ക് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി കൃഷി ചെയ്യിക്കാൻ വേണ്ട നടപടികൾ കൃഷി ഓഫീസർമാർ കൈക്കൊണ്ടുവരുന്നുണ്ട്. തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പു വരുത്തുകയും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായം കൂടി വിനിയോഗിച്ച് കൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട് . 2016-17 മുതൽ സമഗ്ര നെൽ കൃഷി വികസന പദ്ധതിപ്രകാരം തരിശു നില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. 2019-20 വർഷത്തിൽ 1200.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | സി) | കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ട് വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, പാലക്കാട് ജില്ലകളിലായി 2453.627 ഹെക്ടർ സ്ഥലത്ത് കൃഷി പുനരാരംഭിക്കാൻ സാധിച്ചു. |
| ഡി) | പൊതു ആവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്ത പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി എത്ര ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകി; വ്യക്തമാക്കുമോ; | ഡി) | പൊതു ആവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്ത പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി 17.1088 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ഇ) | പ്രസ്തുത ഭേദഗതി ദുരുപയോഗം ചെയ്ത് നിലം നികത്തിയ എത്രപേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു; എത്ര ഹെക്ടർ നിലം ഇപ്രകാരം ഇവർ നികത്തി; ആയത് പൂർവ്വസ്ഥിതിയിലാക്കുവാൻ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | ഇ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ 10-ാം വകുപ്പിന്റെ ഭേദഗതി ദുരുപയോഗം ചെയ്തതായിട്ടുള്ള കേസുകൾ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**